"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - അതിദരിദ്ര പട്ടികയിൽപ്പെട്ട ഉയർന്ന ചികിത്സാ ചെലവ് ആവശ്യമായവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും അടിയന്തിര ചികിത്സാ സഹായം അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1999/2024/LSGD തീയതി,തിരുവനന്തപുരം, 21-10-2024

---

പരാമർശം:-
1. 16/07/2021-ലെ സ.ഉ.(കൈ ) നം.145,/2021/തസ്വഭവ
2. 25/09/2021-ലെ സ.ഉ.(കൈ ) നം.1857/2021/തസ്വഭവ
3. 9/04/2022-ലെ സ.ഉ.(കൈ ) നം.84/2022/തസ്വഭവ
4. 19/04/2022-ലെ സ.ഉ.(കൈ ) നം.86/2022/തസ്വഭവ
5. 28/05/2022-ലെ സ.ഉ.(കൈ ) നം.115/2022/തസ്വഭവ
6. 08/07/2022-ലെ സ.ഉ.(കൈ ) നം.146/2022/തസ്വഭവ
7. 19/09/2023-ലെ സ.ഉ.(സാധാ) നം.1847/2023/തസ്വഭവ
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/07/2024-ലെ LSGD/PD/9150/2024-EPEP1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് അതിദാരിദ്ര്യം അഞ്ചു വർഷത്തിനകം നിർമാർജ്ജനം ചെയ്യുന്നത് ലക്ഷ്യമാക്കി അതിദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിന് പരാമർശം 1 - 5 വരെ ഉത്തരവുകൾ പ്രകാരം സംസ്ഥാനവ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ നടത്തിയ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ പൂർത്തീകരിക്കുകയും അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും/വ്യക്തികളെയും അതിദാരിദ്ര്യാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള സൂക്ഷ്മതല പദ്ധതിയായ മൈക്രോ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (6) പ്രകാരം സർക്കാർ അംഗീകരിക്കുകയുമുണ്ടായി .

2. അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് 64006 കുടുംബങ്ങളിലായി 103099

വ്യക്തികളെ 1032 തദ്ദേശസ്ഥാപനങ്ങളിലായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുണ്ട്.

3. 2023- 24 ബഡ്ജറ്റിലെ "2515-00-102-25(P) " എന്ന ശീർഷകത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്കായി അനുവദിച്ചിട്ടുള്ള 50 കോടി രൂപയുടെ ഗ്യാപ് ഫണ്ടിൽ ഉയർന്ന ചികിത്സാ ചെലവ് ആവശ്യമായവർക്ക് ധനസഹായം നൽകുന്നതിനായി തുക വകയിരുത്തി പരാമർശം (7) പ്രകാരം ഉത്തരവായിരുന്നു. അതിദരിദ്രരിൽ ശസ്ത്രക്രിയ പോലുള്ള ഉയർന്ന ചികിത്സാ ചെലവ് ആവശ്യമായവർക്ക് ധനസഹായം നൽകുന്നതിനായി അടിയന്തര സാഹചര്യം കണക്കിലെടുത്ത്, 2024-25 സാമ്പത്തിക വർഷത്തിൽ അതിദരിദ്രർക്കായുള്ള ചികിത്സ സഹായത്തിനു വകയിരുത്തിയിട്ടുള്ള തുക ലഭ്യമാകുന്ന മുറക്ക് തുക തിരികെ നല്കാമെന്ന വ്യവസ്ഥയിൽ അതതു തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (8) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിൽ സർക്കാർ മേഖലയിൽ ലഭ്യമായിട്ടുള്ള ചികിത്സാ സഹായങ്ങൾക്ക് ഉപരിയായി ആവശ്യമുള്ളതായി ജില്ലാ മെഡിക്കൽ ബോർഡ് ശിപാർശ ചെയ്തിട്ടുള്ള തുകയാണ് അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, 2024-25 സാമ്പത്തിക വർഷത്തിൽ അതിദരിദ്രർക്കായുള്ള ചികിത്സാ സഹായത്തിനു വകയിരുത്തിയിട്ടുള്ള തുക ലഭ്യമാകുന്ന മുറക്ക് ചെലവായ തുക തിരികെ നല്കാമെന്ന വ്യവസ്ഥയിൽ നിലവിൽ സർക്കാർ മേഖലയിൽ ലഭ്യമായിട്ടുള്ള ചികിത്സാ സഹായങ്ങൾക്ക് ഉപരിയായി അതിദരിദ്രരുടെ ഉയർന്ന ചികിത്സക്ക് ആവശ്യമുള്ളതായി ജില്ലാ മെഡിക്കൽ ബോർഡ് ശിപാർശ ചെയ്തിട്ടുള്ള തുക അതതു തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അംഗീകാരത്തിനു വിധേയമായി ചെലവഴിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കി ഉത്തരവാകുന്നു.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് മേൽപ്പറഞ്ഞ പ്രകാരം വിനിയോഗിക്കുന്ന തുക അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ "2515-00-102-25(P) " എന്ന ശീർഷകത്തിൽ അതിദരിദ്രർക്കായുള്ള ചികിത്സാ സഹായത്തിന് വകയിരുത്തിയിട്ടുള്ള തുകയിൽ അധികരിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതും പ്രസ്തുത തുക അനുവദിക്കുന്ന മുറക്ക് തദ്ദേശ സ്ഥാപനങ്ങൾക്ക് ചെലവായ തുക തിരികെ നല്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി , ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/79/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

Date: 21-10-2024 15:49:25

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസിന്
2. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ -യ്ക്ക്